ലൈനുകളും പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഈ വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ലക്ഷ്യമിട്ട 13042 കിലോമീറ്റർ ലൈനുകളിൽ ഇതുവരെയായി 6723 കിലോമീറ്റർ ലൈനുകളുടെ റീ-കണ്ടക്ടറിങ്ങ് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. കരാർ തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഇടയിൽ സുരക്ഷാവബോധം വളർത്തുന്നതിനും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പരിശീലിപ്പിക്കുന്നതിനുമായി സുരക്ഷാ ക്ലാസ്സുകളും സേഫ്റ്റി മീറ്റിംഗുകളും സമയബന്ധിതമായി സംഘടിപ്പിക്കുന്നുണ്ട്. കരാർ തൊഴിലാളികൾക്ക് പ്രത്യേകമായി തന്നെ സുരക്ഷാവബോധ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസികളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 14 തരം വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എനർജി ഇന്നവേഷൻ സോൺ

51 (418) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോൺ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂലൈ 31 വരെ കളമശ്ശേരിയിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജിൽ പ്രവർത്തിച്ചിരുന്നു.

(ബി) എനർജി ഇന്നവേഷൻ സോണിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly

(i) ഗവേഷകർക്കും നൂതന ആശയങ്ങളുടെ ഉപജ്ഞാതാക്കൾക്കും ഊർജ്ജ സംരക്ഷണത്തിനും നവീന ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിനും ചെലവു കുറഞ്ഞതും സമയബന്ധിതവും കാര്യക്ഷമവുമായ വൈദ്യുതി ഉത്പാദനത്തിനുതകുന്ന ഇതര വഴികളുടെ വികസനത്തിനും വേണ്ടി ആവശ്യമായ സ്ഥലം ഒരുക്കുക.

(ii) ഊർജ്ജ ലഭ്യതയുടെ പരിമിതിക്ക് പരിഹാരം (സംസ്ഥാന/രാജ്യ/ലോകതലങ്ങളിൽ) കാണുന്നതിനുള്ള ഗവേഷണം പ്രോൽസാഹിപ്പിക്കുക.

(iii) ചെറുകിട/വൻകിട സംരംഭകരെ ഈ മേഖലയിലേക്ക് പങ്കെടുപ്പിച്ച് ഈ പദ്ധതിക്ക് വേണ്ട പ്രചാരം കിട്ടാനും ഭാവി വിപുലീകരണത്തിനും ഉതകുന്ന തരത്തിലുള്ള പിന്തുണ നൽകുക.

(iv) പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്ത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ പൊതു സാമൂഹ്യ മാധ്യമങ്ങളിലൂടെ ഉയർത്തിക്കാട്ടുക.

(v) വൈദ്യുതി മേഖലയുമായി ചേർന്ന് പ്രായോഗിക പരിജ്ഞാനം ലഭ്യമാകുന്നതരത്തിൽ സ്റ്റാർട്ടപ്പ് വില്ലേജിനെ ഉപയോഗപ്പെടുത്തുകയും ഊർജ്ജ അവബോധമുള്ള ഒരു ജനതയെ വാർത്തെടുക്കുകയും ചെയ്യുക.

(സി) സംസ്ഥാന സർക്കാരിന്റെ 12-6-2013-ലെ ഉത്തരവ് പ്രകാരം എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കായി ഇന്നവേഷൻ ഫണ്ടിൽ നിന്നും അമ്പതു ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനാനുമതി നൽകുകയും ചെയ്തു. ഇതിന്റെ നടത്തിപ്പിനായും സ്റ്റാർട്ടപ്പ് വില്ലേജ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി ധാരണാപത്രവും കരാറും ഒപ്പുവച്ചു പ്രസ്തുത കരാറിന്റെ കാലാവധി 31-7-2015-ൽ അവസാനിച്ചു. സ്റ്റാർട്ടപ്പ് വില്ലേജ് വഴി നടത്തിയിരുന്ന പ്രവർത്തനങ്ങൾ ഇനി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കാൻ ആലോചിച്ച് വരുന്നു.

വൈദ്യുത ലൈനുകളിൽ തട്ടിയുള്ള മരണം

52 (419) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറുകളുടെയും തോടുകളുടെയും കുറുകെ താഴ്ന്ന കിടക്കുന്ന വൈദ്യുത ലൈനുകളിൽ തട്ടി ഹൗസ് ബോട്ടുകളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾ ഉൾപ്പെടെ ഷോക്കേറ്റ് മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ലൈനുകൾ A പോളുകൾ സ്ഥാപിച്ച് ഉയർത്തുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly